ബയോടെക്നോളജി രംഗത്ത് കേരളം അനുവർത്തിക്കേണ്ട നയവും നടപ്പാക്കേണ്ട പദ്ധതികളും, മാർഗ്ഗ നിർദ്ദേശങ്ങളും ഉരുത്തിരിച്ചെടുക്കുന്നതിനായി ഒരു വിദഗ്ദ്ധ സമിതിയേയും സർക്കാർ നിയമിച്ചിട്ടുണ്ട്.

109 (399) കോൾ വികസന പദ്ധതി

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ സഹായത്തോടെയുള്ള തൃശ്ശൂർ കോൾ വികസന പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായോ;

(ബി) ഈ പദ്ധതിയുടെ പ്രവർത്തനത്തിന് ഇതുവരെ എത്ര സംഖ്യ ചെലവഴിച്ചു എന്ന് വിശദമാക്കാമോ;

(സി) നബാർഡിൽനിന്ന് ലഭിച്ച സഹായം എത്രയാണ്; ഈ സംഖ്യ തിരിച്ചടയ്ക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്;

(ഡി) ഈ മേഖലയിൽ പൂർത്തിയായിട്ടുള്ള പാലങ്ങൾ ഏതെല്ലാമാണ്;

(ഇ) ചേർപ്പ് നിയോജകമണ്ഡലത്തിൽ നടന്നുവരുന്ന പദ്ധതി പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) നബാർഡ് സഹായത്തോടെയുള്ള തൃശ്ശൂർ കോൾ വികസന പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടില്ല.

(ബി) പദ്ധതി പ്രവർത്തനത്തിന് ഇതുവരെയായി 29.77 കോടി രൂപ ചെലവഴിച്ചു കഴിഞ്ഞിട്ടുണ്ട്.

(സി) 4.10.99 വരെ നബാർഡ് വിഹിതമായി 12.87 കോടി രൂപ സർക്കാരിന് ലഭ്യമായിട്ടുണ്ട്. ലോൺ തുക 13% പലിശയടക്കം തുല്യതവണകളായി അഞ്ചു വർഷത്തിനുള്ളിൽ തിരിച്ചടയ്ക്കേണ്ടതാണ്.

(ഡി) പൂർത്തിയായിട്ടുള്ള പാലങ്ങൾ എലപത്തൂർ, എട്ടുമുര, ചെമ്മീൻപാൽ, പുഴയ്ക്കൽതോട്, ഹെർബർട്ട് കനാൽ, ചാത്തൻകോൽ കനാൽ അവസാനഭാഗം, തോളൂർ ബ്രാഞ്ച് കനാൽ, കല്ലട പത്തനാപുരം റോഡ്, നന്തി കനാൽ, കണക്കൻ കടവ്, പുല്ലഴിത്തോട്, കൊക്കാലത്തോട്, പോട്ടുച്ചിറ, തേവർ റോഡ് അവസാനഭാഗം എന്നിവയാണ്.

(ഇ) ചേർപ്പ് നിയോജകമണ്ഡലത്തിൽ നടന്നുവരുന്ന പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു†

110 (401) കശുമാവ് കൃഷി വികസിപ്പിക്കുന്നതിന് പദ്ധതി

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുമാവ് കൃഷി വികസിപ്പിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

---

† അനുബന്ധം - VIII

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഏക്കർ സ്ഥലത്ത് കശുമാവ് കൃഷി പുതുതായി ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ)&(ബി)കശുമാവ്കൃഷി വികസനത്തിനായി സംസ്ഥാനത്ത് കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാന പദ്ധതിയും നിലവിലുണ്ട്. ഈ വർഷം 85.94 ലക്ഷം രൂപയുടെ കേന്ദ്രാവിഷ്കൃത പദ്ധതിയും 405 ലക്ഷം രൂപയുടെ സംസ്ഥാനതല പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി ആരംഭിച്ച കശുമാവ് കൃഷിയുടെ വിവരം താഴെ ചേർക്കുന്നു.

വർഷം	വിസ്തൃതി (ഏക്കർ)
1996-97	9812.5
1997-98	4125.0
1998-99	4000.0
1999-2000	4675.0

111 (402) ചീമേനി കശുമാവിൻതോട്ടം

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചീമേനി കശുമാവിൻതോട്ടം സ്ഥിതിചെയ്യുന്ന സ്ഥലം ജയിൽ സ്ഥാപിക്കുന്നതിന് വിട്ടുകൊടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ഏക്കർ സ്ഥലമാണ് വിട്ടുകൊടുക്കാൻ തീരുമാനിച്ചത്;

(സി) ഇങ്ങനെ വിട്ടുകൊടുക്കുമ്പോൾ കശുമാവിൻതോട്ടത്തിലെ തൊഴിലാളികളുടെ ജോലി നഷ്ടപ്പെടുവാൻ സാധ്യതയുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ ജോലി സംരക്ഷിക്കാൻ എന്ത് നടപടിയാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കുറച്ചുഭാഗം വിട്ടുകൊടുക്കേണ്ടിവന്നിട്ടുണ്ട്.

(ബി) 308.75 ഏക്കർ.

(സി)&(ഡി) പരിശോധിച്ചുവരുന്നു.

112 (403) കൃഷിനാശം സംഭവിച്ചവർക്ക് സഹായധനം

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിലെ പല സ്ഥലത്തും ഊർങ്ങാട്ടിരി പഞ്ചായത്ത് അതിർത്തിയിലും ഈയിടെ ഉണ്ടായ കാലവർഷക്കെടുതിമൂലം കൃഷിനാശം സംഭവിച്ചവർക്ക് എന്തെങ്കിലും സഹായധനം അനുവദിച്ചിട്ടുണ്ടോ;

(ബി) കൃഷി നശിച്ചവർക്ക് ധനസഹായം അനുവദിക്കണമെന്ന് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly